**QP CODE: S9012**

**Enrollment number :** ..........................................

**Name :** ..........................................

**BA DEGREE EXAMINATION,AUGUST 2023**
**Second Semester**
**B21ML01AC - പ്രായോഗികമലയാളം**
**2022 ADMISSIONS**

**Time: 3 Hours** **Max Marks: 70**

## Section A

**ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരം എഴുതുക. ഓരോ മാർക്ക് വീതം**

1. സത്യം പറയേണ്ടതാണ്, ഏറ്റവും കരുണയുള്ള, കാണുക പതിവുണ്ട് , അതേ ആൾ തന്നെ - ഇവയിൽ പൗനരുക്ത്യദോഷമുള്ള വാക്യമേത് ?
2. 'ആൾ തന്നെ ശൈലി ' എന്ന് അഭിപ്രായപ്പെട്ടതാര് ?
3. സന്ദേശചിഹ്നങ്ങളെ വീണ്ടും സന്ദേശമാക്കി മാറ്റുന്ന പ്രക്രിയക്ക് പറയുന്ന പേരേന്ത്?
4. ബംഗാളിന്റെ ഇടിനാദം എന്നറിയപ്പെട്ട പ്രാസംഗികനാര് ?
5. ഏകഭാരത സങ്കല്പത്തിന് ജീവനും രൂപവും കർമ്മ ചൈതന്യവും നൽകിയതായി ജി. ശങ്കരക്കുറുപ്പ് സൂചിപ്പിക്കുന്നത് ആരെ ?
6. നമ്മുടെ സംസ്കാരം എത്ര സംസ്കാര വിരുദ്ധമായ അടിത്തറയിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന് ലോകത്തോട് വിളിച്ചു പറയുന്ന മലയാള ഭാഷയിലെ ആദ്യ കൃതി എന്ന് എം. എൻ. വിജയൻ കണ്ടെത്തുന്നത്
7. ക്രെഡിറ്റ് ലൈനിനു പകരം റിപ്പോർട്ടറുടെ പേര് വാർത്തയുടെ തുടക്കത്തിൽ നൽകുന്നതിനെ പറയുന്നതെന്ത്?
8. ജോയ് തിരുമൂലപുരത്തിന് രാജ്യത്തെ മികച്ച റിപ്പോർട്ടർക്കുള്ള സ്റേറ്റ്സ്മാൻ അവാർഡ് നേടിക്കൊടുത്ത പരമ്പര
9. NEWS എന്ന പദത്തിലെ S എന്ന അക്ഷരം എന്തിനെ സൂചിപ്പിക്കുന്നു
10. വിവർത്തകനുണ്ടായിരിക്കേണ്ട മുഖ്യമായ ഗുണം
11. നവീന തർജ്ജമാപഠനം തർജ്ജമക്കാരനെ ഉപമിക്കുന്നത് ആരോടാണ്
12. കോവിലൻ എന്ന തൂലികാ നാമത്തിൽ അറിയപ്പെട്ട എഴുത്തുകാരൻ ആര് ?
13. out of hand എന്ന പ്രയോഗത്തിന്റെ ഉചിതമായ മലയാള പരിഭാഷ
14. പദാനുപദ തർജ്ജമയേക്കാൾ സ്വതന്ത്ര തർജ്ജമയാണ് ഭാഷയേയും സാഹിത്യത്തെയും പരിപോഷിപ്പിക്കുന്നത് എന്ന് പ്രസ്താവിച്ചത്
15. വാർത്തയിലെ ഏറ്റവും പ്രാധാനപ്പെട്ട കാര്യങ്ങൾ അവതരിപ്പിക്കുന്ന ആദ്യ ഭാഗം

**(1x10=10)**

## Section B

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ട് മാർക്ക് വീതം**

16. പ്രയോഗ ദോഷം കണ്ടെത്തി കാരണം വിശദീകരിക്കുക - അറിവുള്ളവരോ അഥവാ അറിവില്ലാത്തവരോ ആയ അളുകൾ
17. സംസ്കൃത പ്രവണമായ ഗദ്യ-പദ്യങ്ങൾ രചിക്കാൻ കേരളവർമ്മയെ പ്രചോദിപ്പിച്ചതിനെക്കുറിച്ചുള്ള എസ് ഗുപ്തതൻ നായരുടെ കണ്ടെത്തലെന്ത്?
18. സങ്കേതനം എന്നാൽ എന്ത്
19. പതിനെട്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ രാഷ്ട്രീയത്തിൽ ഉയർന്നു വന്ന പ്രഭാഷണതാരങ്ങളെ പരിചയപ്പെടുത്തുക
20. പുതു കവികളുടെ കർതവ്യത്തെ കുറിച്ചുള്ള ജി.ശങ്കരക്കുറുപ്പിന്റെ അഭിപ്രായമെന്ത്
21. വാർത്താഘടനയിലെ ലീഡ് എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്
22. കോളമിസ്റ്റ് എന്ന നിലയിൽ ഒ വി വിജയന്റെ സവിശേഷതയെന്ത്
23. ലിപ്യന്തരണം എന്നാലെന്തെന്ന് വിശദമാക്കുക
24. റോസറ്റാ ശാസനത്തിന്റെ സവിശേഷത എന്ത്?
25. ബഷീർ ബാല്യകാലസഖി എഴുതിയതിനെക്കുറിച്ചുള്ള എം എൻ വിജയന്റെ നിരീക്ഷണം എന്ത് ?

**(2x5=10)**

## Section C

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക. അഞ്ച് മാർക്ക് വീതം**

26. ഭാഷയിൽ കാണപ്പെടുന്ന പ്രധാന പാനരുക്ത്യദോഷങ്ങളെപ്പറ്റി വിവരിക്കുക
27. ഗദ്യശൈലിക്കാവശ്യമായ ഗുണങ്ങളെക്കുറിച്ചുള്ള എസ്. ഗുപ്തൻ നായരുടെ അഭിപ്രായങ്ങൾ പരിശോധിക്കുക
28. വിവർത്തനത്തിന്റെ സാമൂഹികഫലങ്ങൾ എന്തെല്ലാമാണ് ?
29. സ്വാതന്ത്ര്യ സമര കാലത്ത് ഇന്ത്യയിലുണ്ടായിരുന്ന പ്രമുഖ പ്രാസംഗികർ ആരെല്ലാമായിരുന്നു ? വിശദമാക്കുക
30. വാർത്താ രചനയ്ക്കായി പരമ്പരാഗതമായി ഉപയോഗിച്ചു വരുന്ന ഇൻവെർട്ടഡ് പിരമിഡ് ശൈലിയുടെ സവിശേഷതകൾ വിശദീകരിക്കുക
31. മലയാള പത്രപ്രവർത്തന ചരിത്രത്തിൽ ചെങ്കുളത്ത് കുഞ്ഞിരാമമേനോനുള്ള പ്രാധാന്യത്തെക്കുറിച്ച് ലഘുവായി ഉപന്യസിക്കുക
32. ഹിമാലയം എന്ന നോവലിനെക്കുറിച്ചുള്ള എസ്.വി. വേണുഗോപൻ നായരുടെ പരാമർശങ്ങൾക്ക് കോവിലന്റ മറുപടി സംഗ്രഹിക്കുക
33. സ്രോതഭാഷ, ലക്ഷ്യഭാഷ - വിശദീകരിക്കുക
34. സർഗ്ഗാത്മക കൃതികളുടെ പരിഭാഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?
35. ജി.ശങ്കരക്കുറുപ്പിന്റെ ജ്ഞാനപീഠ പുരസ്കാര പ്രസംഗത്തിന്റെ സമകാലിക പ്രസക്തി പരിശോധിക്കുക
36. ബഷീർ ' മതിലുകൾ ' എഴുതിയതിനെക്കുറിച്ച് എം എൻ വിജയൻ എന്താണ് പറഞ്ഞത് ?
37. പ്രസംഗകലയുടെ സവിശേഷതകളായി അഴീക്കോട് പറയുന്നതെല്ലാം ? വിശദീകരിക്കുക

**(5x6=30)**

## Section D

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരം എഴുതുക. പത്ത് മാർക്ക് വീതം**

38. ഉത്തമനായ പ്രാസംഗികൻ ഉത്തമരായ മറ്റെല്ലാ കലാകാര ന്മാർക്കും ഒപ്പം ഉണ്ടാകുന്നവനാണ് ഉണ്ടാക്കപ്പെടുന്നവനല്ല - അഴീക്കോടിന്റെ പ്രസംഗകല എന്ന ലേഖനത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക

39. ഭാഷയിലെ ആശയ വിനിമയ സാധ്യതകളെക്കുറിച്ചുള്ള കെ എം പ്രഭാകര വാര്യരുടെ നിലപാടുകളെ സംഗ്രഹിക്കുക
40. വാർത്താ ഘടനയിലെ വിവിധങ്ങളായ ഘടകങ്ങളെ വിശദമായി വിവരിക്കുക
41. തർജ്ജമ പഠനത്തിലെ നവീന പ്രവണതകളെക്കുറിച്ച് ഉപന്യസിക്കുക

**(10x2=20)**